(സി) 2009-10 വർഷം തദ്ദേശസ്വയംഭരണ വകുപ്പിന് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് സെക്റ്ററൽ അലോക്കോഷൻ അനുവദിച്ചിരുന്നില്ല. എന്നാൽ നബാർഡിന്റെ പൈലറ്റ് പ്രോജക്റ്റുകളായ പി.പി.ഐ.ഡി./ വി.ഡി.പി. എന്നീ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ പ്രോജക്റ്റുകൾ ഏറ്റെടുക്കുന്നതിനായി 25 കോടി രൂപയുടെ വിഹിതം നീക്കിവയ്ക്കുകയുണ്ടായി. തുടർന്ന് 19.09 കോടി രൂപയ്ക്കുള്ള പ്രോജക്റ്റുകൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിച്ചത് നബാർഡ് അനുമതിക്കായി സമർപ്പിച്ചിരുന്നു. ഇപ്രകാരം സമർപ്പിച്ച പ്രോജക്ടുകളിൽ 15.05 കോടി രൂപയ്ക്കുള്ള പ്രൊപ്പോസലുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

(ഡി) നബാർഡ് ഏറ്റെടുത്തതായ ആർ.ഐ.ഡി.എഫ്, പി.പി.ഐ.ഡി., വി.ഡി.പി. പദ്ധതികൾക്കായി ടി തുക വിനിയോഗിച്ചുവരുന്നു.

(ഇ) എം.എൽ.എ., എസ്.ഡി.എഫ്., വിഹിതം ഉപയോഗിച്ച് നബാർഡ് പദ്ധതികൾ ഏറ്റെടുക്കുന്നതിന് പ്രത്യേക വിഹിതം തദ്ദേശസ്വയംഭരണ വകുപ്പിന് ലഭിച്ചിട്ടില്ല.

(എഫ്) നടപ്പ് സാമ്പത്തിക വർഷം ഈ വകുപ്പിന് നബാർഡ് സെക്റ്ററൽ അലോക്കേഷനായി 100 കോടി രൂപ ആവശ്യപ്പെട്ടിരുന്നു.

(ജി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ 3-6-2010-ൽ ചേർന്ന എസ്.എൽ.ഇ.സി. യിൽ ചർച്ച ചെയ്തിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിഹിതമായി 25 കോടി രൂപയെങ്കിലും അനുവദിക്കണം എന്ന് അവശ്യപ്പെട്ടിരുന്നു. എന്നാൽ 18-6-2010 തീയതിയിലെ ധനകാര്യ വകുപ്പ് ജി.ഒ.(ആർ.റ്റി) നമ്പർ.4907/10/ ഫിൻ. ഉത്തരവ് പ്രകാരം സെക്റ്ററൽ അലോക്കേഷൻ 11.80 കോടിയായി നിശ്ചയിച്ചിട്ടുള്ളതാണ്.

(എച്ച്) ഈ സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ വകുപ്പിന് ആർ.ഐ.ഡി.എഫ്. XVI-ൽ 11.80 കോടി രൂപയുടെ പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള മേഖലാ വിഹിതം നിശ്ചയിച്ചുകിട്ടിയിട്ടുണ്ട്. ഇതിനുള്ള പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പി.എം.ജി.എസ്.വൈ. റോഡുകൾ

118 (4741) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേപ്പയൂർ മണ്ഡലത്തിൽ അനുമതി കിട്ടിയ പി.എം.ജി.എസ്.വൈ. റോഡുകളുടെ പേരും അവയുടെ ഇപ്പോഴത്തെ അവസ്ഥയും വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേപ്പയൂർ മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം അനുമതി ലഭിച്ച റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly